Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

19-03-2020

**മിശിഹായിൽ പ്രിയ വൈദികരേ,**

കോവിഡ്-19 പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി മതപരമായ ചടങ്ങുകളിൽ ജനങ്ങൾ ഒത്തുകൂടുന്നത് പരമാവധി ഒഴിവാക്കണമെന്നുള്ള സർക്കാർ നിർദ്ദേശങ്ങളോടു സഹകരിച്ചുകൊണ്ട് അതീവ ജാഗ്രത പുലർത്തേണ്ട സമയമാണിത്. രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നത് രോഗബാധ സംഭവിച്ച് ദിവസങ്ങൾക്കുശേഷമാകയാൽ സാമൂഹിക സമ്പർക്കം പരമാവധി ഒഴിവാക്കണമെന്നാണ് ആരോഗ്യവിദഗ്ദ്ധർ നിർദ്ദേശിച്ചിരിക്കുന്നത്. ഇതിന്റെ വെളിച്ചത്തിൽ 2020 മാർച്ച് 20 വെള്ളി മുതൽ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ അനുദിനദിവ്യബലിയിൽ നിയോഗം ഏല്പിച്ചിട്ടുള്ളവർ മാത്രം (15 പേരിൽ താഴെ) പങ്കെടുത്താൽ മതി. മറ്റുള്ളവരാരും പങ്കെടുക്കേണ്ടതില്ല. ഈ അടിയന്തിര സാഹചര്യത്തിൽ ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ ഞായറാഴ്ച ദിവ്യബലിയിൽ പങ്കെടുക്കുക എന്ന കടമയിൽനിന്നും ദൈവജനത്തിന് ഞാൻ ഒഴിവു നൽകുന്നു. ഈയവസരത്തിൽ കുമ്പസാരവും ഒഴിവാക്കേണ്ടതാണ്.

ദൃശ്യമാധ്യമങ്ങളിലൂടെ സംപ്രേക്ഷണം ചെയ്യപ്പെടുന്ന ദിവ്യബലിയിൽ പങ്കെടുത്ത് അരൂപിക്കടുത്ത ദിവ്യകാരുണ്യം സ്വീകരിച്ച് പ്രാർത്ഥിക്കുന്നതും ഇടവകയിൽ ദിവ്യബലി അർപ്പിക്കുന്ന സമയത്ത് വീടുകളിൽ കുടുംബാംഗങ്ങൾ പ്രാർത്ഥിക്കുന്നതും ഉചിതമായിരിക്കും.

ഈ സാഹചര്യത്തിൽ വൈദികർ ഭവനസന്ദർശനം നടത്തുന്നത് ഉചിതമല്ല. യാത്രകൾ പരമാവധി ഒഴിവാക്കി കുടുംബത്തോടൊപ്പം പ്രാർത്ഥനയിൽ ആയിരിക്കുവാനും നമ്മുടെ കുടുംബബന്ധങ്ങൾ ദൃഢപ്പെടുത്താനും ഇതൊരു അവസരമാകട്ടെ. ജോലിക്കുപോകുവാൻ കഴിയാത്തതുകൊണ്ട് അന്നന്നത്തെ ആഹാരത്തിനുവേണ്ടി വിഷമിക്കുന്ന കുടുംബങ്ങളെ കണ്ടെത്തി ക്രിസ്തീയാരൂപിക്കു ചേർന്നവിധം ആവശ്യമായ സഹായം ചെയ്യുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഇക്കാര്യങ്ങൾ എത്രയുംവേഗം ഇടവകാംഗങ്ങളെ അറിയിക്കേണ്ടതാണ്. വിശുദ്ധവാര തിരുക്കർമ്മങ്ങളെക്കുറിച്ച് സാഹചര്യങ്ങൾ വിലയിരുത്തി പിന്നീട് അറിയിക്കുന്നതാണ്. കാരുണ്യവാനായ ദൈവം നിങ്ങളെ എല്ലാവരേയും കാത്തുസംരക്ഷിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി മേജർ അതിരൂപത

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •